**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5980** **17-03-2023 - ൽ മറുപടിയ്ക്ക്**

**സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. പി. ജെ. ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി വെളിപ്പെടുത്തുമോ; | (എ) | പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം നടപ്പ് സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന റവന്യൂ വരുമാനം 1,29,268 കോടി രൂപയും ആകെ ചെലവ് 1,66,719 കോടി രൂപയും റവന്യൂ കമ്മി 19,916 കോടി രൂപയും ധനകമ്മി 36,764 കോടി രൂപയുമാണ്. അതേസമയം ആകെ പ്രതീക്ഷിത കടബാധ്യത 3,70,342 കോടി രൂപയാണ്. ഇത് സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിന്റെ 36.38 % ആണ്. വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറേക്കാലമായി സംസ്ഥാനം അനുഭവിച്ച് പോരുന്നുണ്ട്. ഇതിനു പരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. |
| (ബി) | സംസ്ഥാനത്തിന്റെ കടം, പൊതു വരുമാനം എന്നിവയുടെ വിശദാംശം നൽകുമോ; അവ തമ്മിലുള്ള അന്തരം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം നടപ്പ് സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന റവന്യൂ വരുമാനം 1,29,268 കോടി രൂപയും ആകെ ചെലവ് 1,66,719 കോടി രൂപയും റവന്യൂ കമ്മി 19,916 കോടി രൂപയും ധനകമ്മി 36,764 കോടി രൂപയുമാണ്. അതേസമയം ആകെ പ്രതീക്ഷിത കടബാധ്യത 3,70,342 കോടി രൂപയാണ്. ഇത് സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിന്റെ 36.38 % ആണ്. വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറേക്കാലമായി സംസ്ഥാനം അനുഭവിച്ച് പോരുന്നുണ്ട്. ഇതിനു പരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. |
| (സി) | സർക്കാരിന്റെ അടിയന്തര സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പണം കണ്ടെത്താൻ സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ വെളിപ്പെടുത്തുമോ; | (സി) | സംസ്ഥാനത്തിന്റെ വരവും ചെലവും തമ്മിലുള്ള അന്തരം കേന്ദ്ര സർക്കാർ അനുവദിച്ചു തരുന്ന കടമെടുപ്പ് പരിധിയിൽ നിന്നുകൊണ്ടുള്ള വായ്പകളിലൂടെ പരിഹരിക്കുവാനാണ് സർക്കാർ പ്രധാനമായും ശ്രദ്ധിച്ചുപോരുന്നത്. |
| (ഡി) | കരാറുകാർക്കുള്ള കുടിശിക ഉൾപ്പെടെ അടിയന്തരമായി കൊടുത്തുതീർക്കേണ്ട ബാധ്യതകൾ ഏതെല്ലാമാണെന്നത് സംബന്ധിച്ച വിശദാംശം നൽകുമോ? | (ഡി) | സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും സമയക്രമം നിശ്ചയിച്ചുമാണ് കരാറുകാരുടെ ബില്ലുകൾ തീർപ്പാക്കി വരുന്നത്. ഇപ്രകാരം ബില്ലുകൾ തീർപ്പാക്കുന്നതിന് ആവശ്യമായ അധിക തുക അനുവദിച്ച് ബില്ലുകൾ നിശ്ചിത സമയത്ത് തീർപ്പാക്കി വരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിൽ 2022 ജൂൺ മാസം വരെയും ജലവിഭവം, ഹാർബർ എഞ്ചിനീയറിംഗ് എന്നീ വകുപ്പുകളിൽ 2022 ഒക്ടോബർ മാസം വരെയുമുള്ള തുക നൽകിയിട്ടുണ്ട്. ടി |

| | | | |
|---|---|---|---|
| | | | വകുപ്പുകളിൽ നൽകാനുള്ള കുടിശ്ശികയുടെ കണക്കുകൾ ചുവടെ പറയും പ്രകാരമാണ്. |

| **വകുപ്പ്** | **കാലയളവ്** | **കുടിശ്ശിക തുക** (കോടിയിൽ) |
|---|---|---|
| പൊതു മരാമത്ത് | 01/07/2022 മുതൽ 31/12/2022 വരെ | 1119.73 |
| ജല വിഭവം | 01/11/2022 മുതൽ 31/12/2022 വരെ | 54.84 |
| ഹാർബർ എഞ്ചിനീയറിംഗ് | 01/11/2022 മുതൽ 31/12/2022 വരെ | 23.69 |
| **ആകെ** | | **1198.26** |

അടിയന്തിരമായി കൊടുത്തു തീർക്കേണ്ട പേയ്മെന്റ്സ് എല്ലാം നിലവിലുള്ള സാമ്പത്തിക ബുദ്ധിമുട്ടിനിടയിലും കൊടുത്തു തീർക്കുവാനുള്ള ശ്രമമാണ് സർക്കാർ നടത്തിപ്പോരുന്നത്.

സെക്ഷൻ ഓഫീസർ